"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിന് കീഴിലുള്ള 14 ജനറൽ നഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി ഡിപ്ലോമ സ്കൂളുകളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പരിശോധന നടത്തുന്നതിനായി ഫീസിനത്തിൽ അടയ്ക്കേണ്ട തുക കേരള നേഴ്സസ് ആൻഡ് മിഡ്‌വൈഫ്സ് കൗൺസിലിൽ നിന്നും അനുവദിച്ചു നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1637/2025/H&FWD തീയതി,തിരുവനന്തപുരം, 12-06-2025

പരാമർശം:- 1. സ.ഉ (കൈ) നം. 200/2023/H&FWD തീയതി 13.08.2023.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.04.2025 തീയതിയിലെ എം.സി3/3526/2025/ആ.വ.ഡ നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിന് കീഴിലുള്ള 14 ജനറൽ നേഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി ഡിപ്ലോമ സ്കൂളുകളിലായി 2023 -24 അദ്ധ്യയനവർഷം പ്രാബല്യത്തിൽ 1 0 0 സീറ്റുകൾ വർദ്ധിപ്പിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി സ്ഥാപനങ്ങളിൽ 2025 ഏപ്രിലിനകം ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ പരിശോധന പൂർത്തിയാക്കേണ്ടതുണ്ടെന്നും, ടി പരിശോധനക്കായി ഓരോ സ്കൂളിനും ₹ 50,000/- (അൻപതിനായിരം രൂപ) വീതം 14 സ്കൂളുകൾക്കായി ആകെ ₹ 7,00,000/- (ഏഴ് ലക്ഷം രൂപാ മാത്രം) ഫീസിനത്തിൽ അടയ്ക്കേണ്ടതുണ്ടെന്നും ആരോഗ്യവകുപ്പിൽ ഫണ്ട് അപര്യാപ്തത ഉള്ളതിനാൽ ടി തുകയായ ₹ 7,00,000/- (ഏഴ് ലക്ഷം രൂപ) 2025 ഏപ്രിലിനകം കേരള നഴ്സസ് ആൻഡ് മിഡ്‌വൈഫ്സ് കൗൺസിലിൽ നിന്നും അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർ ശം ( 1 ) പ്രകാരം സീറ്റുകൾ വർദ്ധിപ്പിച്ച, ആരോഗ്യ വകുപ്പിന് കീഴിലുള്ള 14 ജനറൽ നേഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി ഡിപ്ലോമ സ്കൂളുകളിൽ പരിശോധന നടത്തുന്നതിനായി ഓരോ സ്കൂളിനും ₹ 50,000/- രൂപ വീതം എന്ന ക്രമത്തിൽ ഫീസിനത്തിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിലിന് അടയ്ക്കേണ്ട തുകയായ ₹ 7,00,000/- (ഏഴ് ലക്ഷം രൂപ) കേരള നഴ്സസ് ആൻഡ് മിഡ്‌വൈഫ്സ് കൗൺസിലിൽ നിന്നും അനുവദിച്ചു നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല ആർ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ് വൈഫ്സ് കൗൺസിൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 12-06-2025 16:00:25

സെക്ഷൻ ഓഫീസർ